Diocesan Youth Apostolate

St. Thomas SyroMalabar Diocese of Chicago

Year of Youth

Newsletter

June 2017

Issue #6

# യുവജനശക്തി സംസ്കാര സമന്വയത്തിന്

വിനോദയാത്രക്കിറങ്ങിയ ഒരുകൂട്ടം യുവാക്കൾ ഉയർന്ന ഒരു മലയുടെ ചുവട്ടിൽ വന്നു നിന്ന് മലമുകളിലേക്ക് നോക്കി അതിന്റെ ഔന്നത്യവും മനോഹാരിതയും ഒക്കെ ചിന്തിച്ച് നിൽക്കുന്നതായി സങ്കൽപ്പിക്കുക. അധികസമയം കഴിയും മുൻപേ  ഒരാൾ വിളിച്ചുപറയും, "നമുക്കീ മലയൊന്ന് കയറിനോക്കാം". ഉടൻതന്നെ എല്ലാവരുംകൂടി ആ മല കയറിത്തുടങ്ങും. എന്നാൽ അധികം മുന്നോട്ട് പോകുന്നതിനുമുന്പ്, കിഴക്കാംതൂക്കായ ഒരു പാറയുടെ മുന്പിൽ അന്ധാളിച്ച് നിൽക്കുന്പോൾ  കൂട്ടത്തിലുള്ള ധൈര്യശാലിയായ ഒരുവൻ എല്ലാവരെയും പ്രോത്സാഹിപ്പിച്ചുകൊണ്ട് മുൻപോട്ട് നടക്കും - പിന്നാലെ എല്ലാവരും നടന്നുതുടങ്ങുകയായി. നമ്മളിലെല്ലാമുള്ള യുവചേതനയുടെ ഒരു പ്രതീകമാണിത്. സാഹസികത ഏറ്റെടുക്കാൻ, പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ, പരാജയങ്ങളെ അതിജീവിക്കാൻ, വിഷമസന്ധികളെ നേരിടാൻ, പ്രശ്നങ്ങൾക്ക് ഒരുമിച്ചിരുന്ന് പരിഹാരം കാണാൻ നമ്മിലെല്ലാം ഈ സർഗ്ഗശക്തിയുണ്ട്. അതെടുത്തുപയോഗിക്കാൻ നാം മനസ്സുവെയ്ക്കണമെന്നുമാത്രം.

ഒരു വീട്ടിൽ ഒരുമിച്ച് ജീവിക്കുന്ന കുടുംബാംഗങ്ങൾ തമ്മിൽ പരസ്പരധാരണയും ഐക്യവും ഇല്ലാതെ മാനസികമായി അകലങ്ങളിൽ കഴിയുന്നത് ഇന്ന് സാധാരണ സംഭവമായിരിക്കുന്നു. മാതാപിതാക്കളും മക്കളും തമ്മിൽ സ്നേഹസംഭാഷണങ്ങളും കുശലാന്വേഷണവും നടക്കുന്നതിനു പകരം വാഗ്വാദങ്ങളും, വഴക്കുകളുമാണ് പലപ്പോഴും സംഭവിക്കുന്നത്. കൂടുന്പോൾ ഇന്പമുള്ളതാണ്  കുടുംബമെങ്കിൽ ഇവിടെ ശൂന്യതയും, ഒറ്റപ്പെടലുകളും, കുറ്റപ്പെടുത്തലുമാണ് കാണുക. അപ്പനും, അമ്മയും, മക്കളും, സഹോദരങ്ങളും ഒക്കെ തമ്മിലുള്ള ബന്ധം ശിഥിലമാകുന്നു. പരസ്പരം മനസ്സിലാക്കാനും, സ്വീകരിക്കാനും, അംഗീകരിക്കാനും സാധിക്കാത്തതിനാൽ താങ്ങും തണലും നൽകി കൂടെ നിൽക്കേണ്ടവർ  അന്യരാകുന്നു. 'ആൾക്കൂട്ടത്തിൽ തനിയെ' ഓരോരുത്തരും അവനവന്റെ വഴിക്ക് നീങ്ങുന്നു.അല്പം ഏറ്റക്കുറച്ചിലുകളോടെ നമ്മുടെയൊക്കെ ഭവനങ്ങളിൽ, ബന്ധങ്ങളിൽ ഈ ശൈഥില്യം നാം കാണാറുണ്ടെങ്കിലും "ഒരു കുഴപ്പവുമില്ല", "എല്ലാം നന്നായിരിക്കുന്നു" എന്ന് അഭിനയിച്ചുകൊണ്ട് നാം മുന്നോട്ട് നീങ്ങുന്നു.

ഒരു മാതാവോ, പിതാവോ ആയിരിക്കുന്പോൾ അതിൽത്തന്നെ ധാരാളം ബുദ്ധിമുട്ടുകളുണ്ട്, ഉത്തരവാദിത്വങ്ങളുണ്ട്, വെല്ലുവിളികളുണ്ട്. മക്കളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ മാതാപിതാക്കളുടെ ഉറക്കം നഷ്ടപ്പെടുത്തുന്നു. പ്രത്യേകിച്ചും വളരെ വിഭിന്നമായ ഒരു സംസ്കാരത്തിൽ നാളിതുവരെ പഠിച്ചും പരിശീലിച്ചും വന്ന മൂല്യങ്ങൾക്കും ആദർശങ്ങൾക്കും ഒരു വിലയും നൽകാത്ത ഒരു സമൂഹത്തിൽ സാമാന്യബോധമുള്ള നല്ല പൗരന്മാരായി മക്കളെ വളർത്തിയെടുക്കുക എന്നത് ഏറ്റവും ശ്രമകരമായ ഒരു ദൗത്യമാണ്. അനുഭവങ്ങളിലൂടെ പാഠങ്ങൾ പഠിച്ച് ജീവിതവിജയം നേടിയവരാണ് മിക്ക മാതാപിതാക്കളും. അവർക്ക് സംഭവിച്ച തെറ്റുകൾ മക്കളുടെ ജീവിതത്തിൽ ഉണ്ടാകരുതെന്ന് നിശ്ചയിച്ച് വിജയിക്കാനാവശ്യമായതെല്ലാം ഏറ്റവും നല്ല ഉദ്ദേശത്തോടെ ലോഭമെന്യേ നൽകുംബോൾ, സ്വന്തം അദ്ധ്വാനത്തിലൂടെയും, അനുഭവത്തിലൂടെയും വിജയിച്ച് കയറാൻ പരിശ്രമിക്കുന്ന മക്കൾക്ക് അത് വിലങ്ങുകളായി, സ്വാതന്ത്ര്യമില്ലായ്മയായി, വിശ്വാസമില്ലായ്മയായി, ധാരണക്കുറവായി അനുഭവപ്പെടാം. മാതാപിതാക്കൾ തങ്ങളുടെ വളർച്ചയ്ക്ക് തടസ്സമായിനിൽക്കുന്നു എന്നുവരെ അവർ പരാതിപ്പെട്ടേക്കാം. കാരണം മാതാപിതാക്കൾ വളർന്നുവന്ന ജീവിതസാഹചര്യങ്ങളും സാമൂഹികനിയമങ്ങളും, എന്തിന് രാഷ്ട്രീയ പശ്ചാത്തലം പോലും ഏറെ വിഭിന്നമായ ഒരു സംസ്കാരത്തിലാണ് കുട്ടികൾ വളരുന്നത്. വ്യക്തിസ്വാതന്ത്ര്യത്തിന് ഏറെ പ്രാധാന്യം നൽകുന്ന ഈ അമേരിക്കൻ സംസ്കാരത്തിൽ സ്വീകാര്യരാകണമെങ്കിൽ ആ സമൂഹത്തിന്റെ കാഴ്ച്ചപ്പാടുകളും, ശൈലികളും, ആചാരമര്യാദകളും ഒരു പരിധിവരെയെങ്കിലും സ്വന്തമാക്കിയേ പറ്റു. ഇന്ത്യൻ പൗരന്റെ ധാർമ്മിക മാനദണ്ഡങ്ങളും ആചാരാനുഷ്ഠാനങ്ങളും ജീവിതശൈലിയും നിലനിർത്താൻ മാതാപിതാക്കൾ ശ്രമിക്കുമ്പോൾ അമേരിക്കൻ ശൈലി സംരക്ഷിക്കാനുള്ള തത്രപ്പാടിലാണ് മക്കൾ. ഇത് മനസ്സിലാക്കി പരസ്പരം അംഗീകരിക്കാനും ഒരുമിച്ചിരുന്ന് സംവദിച്ച് ഇരുകൂട്ടർക്കും സ്വീകാര്യമായ  ഒരു സമന്വയത്തിന്റെ പാത കണ്ടെടുക്കാനുമുള്ള തുറവിയും സന്മനസ്സുമാണ് ഈ ദുർഘട പ്രതിസന്ധി പരിഹരിച്ച് കുടുംബത്തിന്റെ കൂട്ടായ്മ നിലനിർത്താനുള്ള പ്രതിവിധി. ഇവിടെയാണ് നമ്മിൽ ഉറങ്ങിക്കിടക്കുന്ന ആ യുവതീക്ഷ്ണത - ഏതു മലയും ഓടിക്കയറാനും, ഏതു ദേശവും വെട്ടിപ്പിടിക്കാനുമുള്ള ആ ആവേശം ഉണരേണ്ടത്.

മക്കളും മാതാപിതാക്കളും പരസ്പരം അറിയണം. അതിനായി തുറന്ന് പങ്കുവെയ്ക്കണം. തെറ്റല്ലാത്ത, ന്യായമായ അവകാശങ്ങൾ മക്കൾക്ക് അനുവദിച്ചുകൊടുക്കണം. കുഞ്ഞ് വീഴുമെന്ന് പേടിച്ച് എപ്പോഴും കൈയിൽ വഹിച്ചുകൊണ്ടുനടന്നാൽ എല്ലുകൾക്ക് ബലമില്ലാത്ത, നടക്കാനറിയാത്ത, ഭാവിയിൽ ഭാരമായിത്തീരുന്ന ഒരു മകനെയായിരിക്കും ലഭിക്കുക. എന്നാൽ താഴെ നിർത്തി നിൽക്കാനും, നടക്കാനും, വീഴാനും, എഴുന്നേൽക്കാനും ഒക്കെ അവനെ അനുവദിക്കുമ്പോൾ ശക്തിയും, ബലവും, ഊർജസ്വലതയുമുള്ള, ഭാവിയിൽ നിങ്ങൾക്ക് താങ്ങായി മാറുന്ന ഒരു മകനെ വളർത്തിയെടുക്കാൻ കഴിയും.

നമുക്ക് ചുറ്റിലും, നമ്മുടെതന്നെ പല ഭവനങ്ങളിലും ഈ ഒരു പ്രശ്നം കീറാമുട്ടിയായി നിൽകുന്പോൾ നാം ഒരുമിച്ചിരുന്ന് ചിന്തിച്ച് ഉചിതമായ പരിഹാരമാർഗ്ഗം കണ്ടെത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സന്തുഷ്ടകരമായ ഒരു കുടുംബജീവിതം നമ്മുടെയെല്ലാം സ്വപ്നവും ആവശ്യവുമാണ്. അതിനായി വിശാലഹൃദയവും സഹിഷ്ണതയുമുള്ള മാതാപിതാക്കളും, മാതാപിതാക്കളുടെ ജീവിതസാഹചര്യങ്ങളും ചരിത്രവും അറിയുന്ന, ആദരവുള്ള മക്കളും ഉണ്ടാകണം. ഈ ഒരു ആത്മീയവളർച്ചക്ക് നമ്മുടെ സഭാസമൂഹത്തിനും, നേതൃത്വത്തിനും വലിയ പങ്കുണ്ട്. അതോടൊപ്പം ഇത്തരം നല്ല കുടുംബങ്ങൾ സഭയെ ശക്തിപ്പെടുത്തുകയും ചെയ്യും.

നാം ആരംഭത്തിൽ കണ്ട ആ മലകയറ്റം പോലെതന്നെ ശ്രമകരമാണ് ഈ സംസ്കാരസമന്വയവും പരസ്പരമുള്ള അംഗീകരിക്കലും. എന്നാൽ നമ്മുടെ ഉള്ളിലുള്ള സർഗ്ഗശക്തിയും, നമുക്ക് ചുറ്റുമുള്ളവരുടെ സഹായവും, പിന്തുണയും ഒത്തൊരുമിച്ച് ഈ ഉയരം കീഴടക്കാൻ ഈ ആധുനികയുഗത്തിൽ നമ്മെ സഹായിക്കും. അപ്പോൾ അസാധ്യമായവ സാധ്യമായിത്തീരും. കാരണം നന്മക്കായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും വിട്ടുവീഴ്ചകൾക്ക് തയ്യാറാകുകയും ചെയുമ്പോൾ നമ്മിൽ വസിക്കുന്ന യേശുക്രിസ്തു എല്ലാക്കാര്യങ്ങളും ചെയ്യാൻ നമ്മെ ശക്തരാക്കും.

## ജൂൺ മാസത്തേക്കുള്ള പ്രായോഗിക നിർദ്ദേശങ്ങൾ

1. കുർബ്ബാനമധ്യേ കേട്ട പ്രസംഗത്തെക്കുറിച്ച് കുടുംബം ഒരുമിച്ചിരുന്ന് സംസാരിക്കുകയും, ധ്യാനിക്കുകയും ചെയ്യുക.

2. തങ്ങളുടെ ജീവിതത്തിൽ അനുഗ്രഹമായിക്കരുതുന്ന കാര്യങ്ങൾ മക്കളും മാതാപിതാക്കളും പങ്കുവെയ്ക്കുക.

3. വിശ്വാസ അനുഭവം പങ്കുവെയ്ക്കുക.

   a. മാതാപിതാക്കൾ: വളർന്നുവന്ന കാലത്ത് വിശ്വാസജീവിതം എങ്ങിനെ സഹായിച്ചു? വേദപാഠ ക്ലാസ്സുകൾ അല്ലങ്കിൽ വിശ്വാസപരിശീലനം എത്ര സഹായകരമായി? എന്തുകൊണ്ടാണ് മക്കൾക്ക് ഈ വിശ്വാസപരിശീലനവും, വേദപാഠവും പ്രധാനപ്പെട്ടതാണന്ന് കരുതുന്നത്?

   b. മക്കൾ: വിശ്വാസപരിശീലനവും, CCD ക്ലാസ്സുകളിലെ അനുഭവങ്ങളും എന്താണ്? എന്താണ് നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നത്, എന്ത് ഇഷ്ടപ്പെടുന്നില്ല അല്ലങ്കിൽ എന്തുകൊണ്ട് അതിന് പ്രാധാന്യം തോന്നുന്നില്ല എന്ന് പങ്കുവെയ്ക്കുക.

4. ജൂൺ മാസത്തിൽ ഒരു കൃതജ്ഞതാദിനം ആചരിക്കുക.

   a. ഒരു നല്ല വിരുന്ന് എല്ലാവരുംകൂടി ആസ്വദിക്കുക.

5. ഒരുമിച്ച് ഏതാനും ദിവസങ്ങൾ ചെലവഴിക്കുക.

   a. ഒരു വാരാന്ത്യമോ അല്ലങ്കിൽ ഏതാനും മണിക്കൂറുകളോ കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുകൂടി ഏതെങ്കിലും സ്ഥലത്തുപോയി സന്തോഷിക്കുകയും, സംസാരിക്കുകയും ചെയ്യുക.